# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 502

02.07.2013 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പകൾക്ക് പലിശയിളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; | (എ) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം പലിശ ഇളവ് നൽകുന്ന പദ്ധതി പ്രഖ്യാപിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനാണ് ടി പദ്ധതി.<br><br>2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത വായ്പ സംസ്ഥാന സർക്കാർ ഉറപ്പാക്കണമെന്നും, കർഷകർ സഹകരണ ബാങ്കുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതും അതുമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകൾക്ക് നികത്തി കൊടുക്കുമെന്നും ഇതിലേയ്ക്ക് 30 കോടി രൂപ മാറ്റി വയ്ക്കുന്നുവെന്നും പ്രഖ്യാപിക്കുകയുണ്ടായി. |
| (ബി) | ഏതെല്ലാം തരം കർഷകർക്കാണ് കാർഷിക വായ്പയിൽ പലിശയിളവിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന 2 ഹെക്ടർ ഭൂമി വരെ കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരുടെ വായ്പകളാണ് പലിശ രഹിത വായ്പകളാകുന്നത്. |
| (സി) | പലിശയിളവ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് 7% പലിശയ്ക്ക് ഹ്രസ്വകാല കാർഷിക വായ്പ നൽകുന്നത് 3 ലക്ഷം രൂപ വരെ വായ്പയെടുക്കുന്ന ചെറുകിട നാമമാത്ര കർഷകർക്കാണ്. ഇപ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് നൽകുന്ന 3 ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വിള വായ്പകൾ **കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മാത്രമാണ്** കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്‌വെൻഷൻ നൽകുന്നതിന് വ്യവസ്ഥയുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത കാർഷിക വായ്പ നൽകുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് എന്തുതുക ഇതിനുവേണ്ടി വിനിയോഗിച്ചു; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ടി പദ്ധതി നടപ്പിലാക്കുന്നതിനായി 2011-12, 2012-13 എന്നീ സാമ്പത്തിക വർഷം 3 കോടി രൂപയും 2013-14 ബഡ്ജറ്റിൽ ഒരു കോടി രൂപ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ടി ധനസഹായം സംസ്ഥാനത്തെ, ജോയിന്റ് |

രജിസ്ട്രാർ (ജനറൽ) മുഖാന്തിരം സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ